...CHED
...03/02/2020

14/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

# ഹർജി നമ്പർ AP No.946(6)/2015/എസ്.ഐ.സി

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5575/എസ്.ഐ.സി-ജി 5/2015)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ,
മീത്തലവളപ്പിൽ വീട്, എടക്കാട് പി.ഒ
കണ്ണൂർ – 670 663 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്, സബ് കളക്ടറുടെ കാര്യാലയം, തലശ്ശേരി, കണ്ണൂർ
2. അപ്പീൽ അധികാരി & സബ് കളക്ടർ (ആർ.ഡി.ഒ.) സബ് കളക്ടറുടെ കാര്യാലയം, ആർ.ഡി.ഒ., തലശ്ശേരി, കണ്ണൂർ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.01.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.01.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.02.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 04.04.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13.04.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07.05.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.05.2015 |
| ഹിയറിംഗ് തീയതി & സ്ഥലം | 14.02.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, എതിർകക്ഷികൾ ടിയാന്റെ

അപേക്ഷയിന്മേലും അപ്പീൽ അപേക്ഷയിന്മേലും യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, മുഴപ്പിലങ്ങാട് വില്ലേജ് ഓഫീസർക്കെതിരെ 24.11.2014 തീയതിയായി ടിയാൻ അയച്ച പരാതിയിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ്. ടി അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, ഹർജിക്കാരന്റെ ഹർജി റവന്യൂ റിക്കവറി നടപടികളുമായി ബന്ധപ്പെട്ടതിനാൽ ആയതിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തലശ്ശേരി റവന്യൂ റിക്കവറി ഓഫീസിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ ഹർജിയിൽ പ്രതിപാദിച്ച കണ്ണൂർ താലൂക്ക് മുഴപ്പിലങ്ങാട് അംശം ദേശം റീസർവ്വെ 351 –ൽപ്പെട്ട കൈവശ ഭൂമി ഹർജിക്കാരന്റെ പേരിൽ കണ്ണൂർ കാനറാ ബാങ്ക് സൗത്ത് ബസാർ ബ്രാഞ്ചിലെ ബാങ്ക് ലോൺ കുടിശ്ശികയുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടി പ്രകാരം ജപ്തി നടപടികൾ സ്വീകരിച്ച ഭൂമിയാണെന്ന് കാണുന്നുവെന്നും ടി കേസിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചത് കണ്ണൂർ തഹസിൽദാരുടെ ഓഫീസിൽ നിന്നാകയാൽ ഹർജിക്കാരന്റെ ഹർജിയിൽ വിശദമായ റിപ്പോർട്ടിനായി കണ്ണൂർ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും ആയതു സംബന്ധിച്ച വിവരം ഒന്നാം എതിർകക്ഷി നൽകിയിരുന്നുവെന്നും മറ്റുമാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ കൈവശത്തിലുണ്ടായിരുന്ന 9 സെന്റ് സ്ഥലം ബാങ്കു കുടിശ്ശികകൾ ഈടാക്കുന്നതിനായി സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ സംബന്ധിച്ചും മറ്റുമാണ് ഹർജിക്കാരൻ പരാതി സമർപ്പിച്ചിരുന്നതെന്നും ഇക്കാര്യത്തിൽ ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിരുന്നുവെന്നും ടി വിഷയത്തിൽ ഹർജിക്കാരൻ നിരവധി വിവരാവകാശ അപേക്ഷകൾ നൽകിയിട്ടുള്ളതാണെന്നും ആയത് ടി ഓഫീസിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷികൾ സമയബന്ധിതമായി വ്യക്തമായ

മറുപടികൾ ഹർജിക്കാരന് നൽകിയിരുന്നതായി കാണുന്നു. അപ്രകാരം തന്നെ ഹർജിക്കാരന്റെ കൈവശഭൂമി റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നിരവധി വിവരാവകാശ അപേക്ഷകളും മറ്റും നിരവധി അധികാര കേന്ദ്രങ്ങളിൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. എന്തെങ്കിലും വിവരം തേടുക എന്നതിലുപരി ബന്ധപ്പെട്ട ഓഫീസുകളുടെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുക എന്നതാണ് ഹർജിക്കാരന്റെ ഉദ്ദേശ്യം എന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, ഫെബ്രുവരി 14- ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp